1995-96	—	1,36,90,337.36 രൂപ
1996-97	—	69,55,244.09 രൂപ
1997-98	—	81,38,208.26 രൂപ
1998-99	—	1,26,12,654.78 രൂപ
1999-2000	—	25,06,306.52 രൂപ

(ബി) ബാങ്കിന്റെ മൊത്തം ബാദ്ധ്യതയുടെ 3% വരുന്ന തുക ക്യാഷ് റിസർവ്വ് റേഷ്യോ ആയും 25% വരുന്ന തുക സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ ആയും സൂക്ഷിക്കേണ്ടതുണ്ട്. മാൻഡേറ്ററി ആയി സൂക്ഷിക്കേണ്ട തുക സൂക്ഷിച്ചിട്ടുണ്ട്.

(സി) മാൻഡേറ്ററി റിസർവ്വായി സൂക്ഷിക്കേണ്ടുന്ന തുക സൂക്ഷിക്കാതിരുന്ന സന്ദർഭം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടില്ല.

(ഡി) ഈ കാലഘട്ടത്തിൽ നബാർഡ്, ഐ.ഡി.ബി.ഐ., എൻ.സി.ഡി.സി., എസ്.ബി.ഐ., എസ്.ഐ.ഡി.ബി.ഐ. ഡി.എഫ്.എച്ച്.ഐ., എസ്.ബി.റ്റി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. വായ്പയുടെ വർഷാവസാന തിരിച്ചടവ് ബാക്കി നില്പ് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത വായ്പകൾക്ക് 5.50% മുതൽ 12.50% വരെ വ്യത്യസ്ത നിരക്കിലായിരുന്നു പലിശ നിശ്ചയിച്ചിരുന്നത്.†

(ഇ) 7.25% മുതൽ 13.75% വരെ പലിശയ്ക്കാണ് ബാങ്ക് ഈ തുക മറ്റുള്ളവർക്ക് വായ്പയായി കൊടുത്തിട്ടുള്ളത്.

ഇളങ്കുളം ബാങ്കിലെ അഴിമതി

113(329) ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ഇളങ്കുളം ബാങ്കിലെ ക്രമക്കേട് കണ്ടെത്തിയതിനെതുടർന്ന് ഗവൺമെന്റ് സ്വീകരിച്ച നടപടി എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) എത്രകോടി രൂപയുടെ ക്രമക്കേടുകളാണ് ഇളങ്കുളം ബാങ്കിലും കോട്ടയം ടൂറിസം സൊസൈറ്റിയിലും നടന്നതായി ആക്ഷേപം ഉണ്ടായത് ;

(സി) സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ എത്ര രൂപയുടെ ക്രമക്കേട് നടത്തിയതായി തെളിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ആരെല്ലാമാണ് ഉത്തരവാദികൾ, ഇവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

---

†അനുബന്ധം XXIII

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നഷ്ടപ്പെട്ട എത്ര കോടി രൂപ ഇതിനോടകം ബാങ്കിന് തിരിച്ച് പിടിക്കുവാൻ സാധിച്ചിട്ടുണ്ട് ;

(എഫ്) നിക്ഷേപകരുടെ തുക തിരിച്ചു നൽകുവാൻ വേണ്ടി എത്ര രൂപ കോട്ടയം ജില്ലാ ബാങ്കിൽ നിന്നും വായ്പ നൽകിയിട്ടുണ്ട് ;

(ജി) ഈ ബാങ്ക് കോട്ടയം ജില്ലാ ബാങ്കിലേയ്ക്ക് എത്ര രൂപ ആകെ നൽകുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര രൂപ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ജില്ലാ ബാങ്കിലേയ്ക്ക് ലഭിക്കേണ്ട കുടിശ്ശിക തുക ഈടാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ഇളങ്കുളം സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണ സമിതി പിരിച്ചു വിട്ടിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചു. സെക്രട്ടറിയും രണ്ട് ബ്രാഞ്ച് മാനേജരും ഉൾപ്പെടെ മൂന്ന് ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. സഹകരണ നിയമം 65-ാം വകുപ്പ് അനുസരിച്ചുള്ള അന്വേഷണം നടത്തി വകുപ്പ് 68(2) അനുസരിച്ചുള്ള സർചാർജ്ജ് നോട്ടീസ് നൽകി നടപടി എടുത്തു വരുന്നു. കൂടാതെ 1991 മുതൽ സഹകരണ വകുപ്പിൽ നിന്നും ഇളങ്കുളം ബ്ലാങ്കിൽ ഇൻസ്പെക്ഷൻ, ഓഡിറ്റ് തുടങ്ങിയ ജോലിയിൽ ഏർപ്പെട്ടിരുന്ന 8 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയുണ്ടായി. സസ്പെൻഷൻ പിന്നീട് പിൻവലിച്ചു. ബാങ്കിലെ നിയമാനുസൃതമല്ലാത്ത ഇടപാടുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി എടുത്തുവരുന്നുണ്ട്. കൂടാതെ ഈ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

(ബി&സി) സഹകരണ വകുപ്പു തലത്തിൽ 68-ാം വകുപ്പു അനുസരിച്ച് നടത്തിയ അന്വേഷണത്തിൽ ഇളങ്കുളം സഹകരണ ബാങ്കിൽ 5 കോടി 84 ലക്ഷം രൂപയുടെയും 65-ാം വകുപ്പനുസരിച്ചുള്ള അന്വേഷണത്തിൽ കോട്ടയം ജില്ലാ ടൂറിസം സഹകരണ സംഘത്തിൽ 3 കോടി 47 ലക്ഷം രൂപയുടെയും ഉൾപ്പെട്ട ആകെ 9 കോടി 31 ലക്ഷം രൂപയുടെ ദുർവിനിയോഗവും അഴിമതിയും നടന്നതായി ഇപ്പോൾ കണക്കാക്കപ്പെടുന്നു.

(ഡി) ഒൻപത് പേർ നടത്തുന്ന ഭരണസമിതിയും ഒരു മുൻ ഭരണസമിതി അംഗവും 4 ജീവനക്കാരുമാണ് ഉത്തരവാദികൾ. ഭരണസമിതി പിരിച്ചു വിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തി 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തി കുറ്റക്കാരാണെന്ന് കണ്ടവർക്കെതിരെ 682 വകുപ്പ് പ്രകാരം സർചാർജ് ചെയ്ത "ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടൂറിസം സഹകരണ സംഘത്തിൽ സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി നടപടികൾ എടുത്തുവരുന്നു.

(ഇ) 83, 282 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോട്ടയം ജില്ലാ സഹകരണ ബാങ്ക് 5.50 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്.

(ജി) ഇളങ്കുളം സഹകരണ ബാങ്ക് കോട്ടയം ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് 12 കോടി 62 ലക്ഷം രൂപ അടയ്ക്കുവാനുണ്ട്. ഇതിൽ 5 കോടി 68 ലക്ഷം രൂപ കുടിശ്ശികയാണ്.

(എച്ച്) കുടിശ്ശിക തുക തിരിച്ചടയ്ക്കുന്നതിനു ഇളങ്കുളം ബാങ്കിലേയ്ക്ക് വിധികടക്കാരിൽ നിന്നും ഈടാക്കാനുള്ള തുക ഈടാക്കുന്നതിന് എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. ബാങ്കിലേയ്ക്ക് ഒരു സ്പെഷ്യൽ സെയിൽ ഓഫീസറെ നിയമിക്കുവാൻ നടപടി ആയിട്ടുണ്ട്.

സഹകരണസംഘം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

114(330) ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ സഹകരണ സംഘം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റും ഫീഡർ കാറ്റഗറി സബ്റൂളും അംഗീകരിച്ച് നൽകണമെന്നും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവദിക്കണം എന്നുമുള്ള എത്ര അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര അപേക്ഷകളിലെ ആവശ്യങ്ങൾ അംഗീകരിച്ചിട്ടുണ്ട് ; മറ്റ് അപേക്ഷകൾ അംഗീകരിക്കാത്തതിലുള്ള കാരണം വെളിപ്പെടുത്താമോ ;

(സി) ഇവ അംഗീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

(ഡി) വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവദിക്കണമെന്ന സംഘങ്ങളുടെ അപേക്ഷയെ ചോദ്യം ചെയ്തുകൊണ്ട് ഏതെങ്കിലും സംഘത്തിലെ യോഗ്യതയുള്ള ജീവനക്കാർ പരാതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സഹകരണ സംഘം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് ജോയിന്റ് രജിസ്ട്രാർ അംഗീകരിക്കണമെന്നില്ല. ഫീഡർ കാറ്റഗറി സബ്റൂൾസ് അംഗീകരിക്കണമെന്നുള്ള 55 അപേക്ഷകളും, വിദ്യാഭ്യാസ യോഗ്യതയിൽ ഇളവനുവദിക്കണമെന്നുള്ള 43 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) ഫീഡർ കാറ്റഗറി സബ്റൂൾസ് അംഗീകരിക്കണമെന്നുള്ള അപേക്ഷകളിൽ 47 എണ്ണം അംഗീകരിച്ചിട്ടുണ്ട്. 6 അപേക്ഷകൾ പരിശോധിച്ചുവരുന്നു. രണ്ട് അപേക്ഷകൾ 50/98-ാം നമ്പർ സർക്കുലറിലെ നിബന്ധനകൾ പാലിച്ചിട്ടില്ലാത്തതിനാൽ നിരസിച്ചിട്ടുണ്ട്. വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് അനുവദിക്കണമെന്നുള്ള അപേക്ഷകളിൽ 29 എണ്ണം അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly